പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5811** — **25.05.2017** ൽ മറുപടിക്ക്

## ക്വാറികളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ക്വാറികളുടെ പ്രവർത്തനം നിലച്ചതിനാൽ നിർമ്മാണ രംഗത്ത് മാന്ദ്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 02/12/2016 – ലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവു പ്രകാരം സംസ്ഥാനത്ത് എല്ലാ വിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിരുന്നു. പാരിസ്ഥിതികാനുമതി ലഭിക്കുവാൻ കാലതാമസം നേരിടുന്നതിനാൽ പ്രവർത്തിക്കുന്ന ക്വാറികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. ഇതുമൂലം ക്വാറി ഉല്പന്നങ്ങൾക്ക് ഉണ്ടായ ക്ഷാമം നിർമ്മാണമേഖലയെ നേരിയതോതിൽ ബാധിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) ക്വാറികൾക്ക് പരിസ്ഥിതി ക്ലിയറൻസ് നൽകും മുമ്പ് പരിസ്ഥിതി ആഘാത പഠനം കാര്യക്ഷമമായി നടക്കുന്നുണ്ട് എന്നുറപ്പാക്കാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നറിയിക്കാമോ? | (ബി) | കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ 2006 ലെ നോട്ടിഫിക്കേഷൻ നിഷ്കർഷിക്കുന്ന രീതിയിൽ പരിസ്ഥിതി ആഘാത പഠനം കാര്യക്ഷമമായി നടത്തിയതിനുശേഷമാണ് പാരിസ്ഥിതികാനുമതി നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**